<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834**</u> <u>**13-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കേബിൾ ടി.വി സർവ്വീസുകളുടെ അധിക നിരക്ക് ഒഴിവാക്കുന്നതിന് നടപടി**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ.പി.മോഹനൻ</th><th colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സാറ്റലൈറ്റ് സംവിധാനങ്ങളിലൂടെ, മുൻകൂർ പണം വാങ്ങി അധിക ചെലവൊന്നുമില്ലാതെ പ്രവർത്തിക്കുന്ന വൻകിട ടെലിവിഷൻ സംപ്രേഷണ കമ്പനികളുമായി മത്സരിക്കേണ്ട ചെറുകിട പ്രാദേശിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഹായകരമായ നിലപാട് വൈദ്യുതി വകുപ്പ് സ്വീകരിക്കുമോ; വിശദമാക്കുമോ;</td><td>(എ)</td><td>ടെലിവിഷൻ സംപ്രേഷണം മാത്രമായി സേവനം നൽകുന്ന ചെറുകിട സംരംഭകർക്ക് കുറഞ്ഞ പോൾ വാടക നിരക്കാണ് കെ.എസ്.ഇ.ബി.എൽ ഈടാക്കുന്നത് .<br><br>വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് താഴെ പറയും പ്രകാരമാണ് നിലവിൽ വാടക ഈടാക്കുന്നത്.<br><br>
<table>
<tr><td>Purpose</td><td colspan="2">CableTV Operators/Govt departments/LSGDs/CCTV cameras by Residents Association (with 3 % annual Increase)</td><td colspan="2">All other applicants irrespective of the purpose like 2G/ 3G/4G services/ mobile communications etc (with 5% annual Increase)</td></tr>
<tr><td>Financial Year</td><td>Urban</td><td>Rural</td><td>Urban</td><td>Rural</td></tr>
<tr><td>2022-23</td><td>309</td><td>149.35</td><td>531.92</td><td>265.96</td></tr>
</table>
<br>ടെലിവിഷൻ സംപ്രേഷണം മാത്രമായി കേബിൾ ടി.വി ബിസിനസ് ചെയ്യുന്ന ചെറുകിടസംരംഭകർക്ക് നിലവിൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കുറഞ്ഞ നിരക്കിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് കേബിൾ ടി വി ഓപ്പറേറ്റർമാർ സർവ്വീസിനായി ഉപയോഗിക്കുന്ന വൈദ്യുതി പോസ്റ്റുകളുടെ നിരക്ക് 2021 ഫെബ്രുവരിയിൽ സർക്കാർ ഇളവ് ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇളവിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>ഉണ്ട്, 26.02.2021 ലെ സർക്കാർ ഉത്തരവ് പ്രകാരം കേബിൾ ടി.വി ഓപ്പറേറ്റർമാർ വൈദ്യുതി ബോർഡിന് നൽകേണ്ട പോൾ വാടക പുതുക്കി നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവ് പ്രകാരം പുതുക്കിയ നിരക്ക് 01.04.2021 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഈ ഉത്തരവിൽ മറ്റ് സമയ പരിധികൾ പ്രതിപാദിക്കുന്നില്ല</td></tr>
<tr><td>(സി)</td><td>ഇന്റർനെറ്റ് സർവ്വീസിന് പ്രത്യേകം നിരക്ക്</td><td>(സി)</td><td>ഉണ്ട്, 05.07.2021 ലെ ബോർഡ് ഉത്തരവ് പ്രകാരം കേബിൾ ടി.വി ഓപ്പറേറ്റർമാർ വൈദ്യുതി ബോർഡിന് നൽകേണ്ട പോൾ വാടകയുടെ നിരക്ക് താഴെ പറയും</td></tr>
</table>

| | | | |
|---|---|---|---|
| | ഈടാക്കുന്നതിനും ഒരേ ഒപ്റ്റിക് ഫൈബർ കേബിളിലൂടെ കേബിൾ ടി വി സർവ്വീസും ഇന്റർനെറ്റ് സർവ്വീസും നൽകുന്നവർക്ക് രണ്ട് സർവ്വീസുകൾക്കും പ്രത്യേകം നിരക്ക് വേണമെന്നും കെ.എസ്.ഇ.ബി.എൽ. ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | പ്രകാരമാണ്. |

| Purpose | Cable TV Operators/ Govt departments/ LSGDs/ CCTV cameras by Residents Association (with 3 % annual Increase) | | All other applicants irrespective of the purpose like 2G/ 3G/4G services/ mobile communi cations etc ( with 5% annual Increase) | |
|---|---|---|---|---|
| Financial Year | Urban | Rural | Urban | Rural |
| 2022-23 | 309 | 149.35 | 531.92 | 265.96 |

| | | | |
|---|---|---|---|
| (ഡി) | എല്ലാ ഓപ്പറേറ്റർമാരും സർവ്വീസിനായി ഉപയോഗിക്കുന്ന ട്രങ്ക് ലൈനുകൾ, ഡിസ്ട്രിബ്യൂഷൻ കേബിളുകൾ എന്നിവയ്ക്ക് പ്രത്യേകം നിരക്ക് വേണമെന്ന് കെ.എസ്.ഇ.ബി.എൽ. ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ബോർഡിന്റെ 05.07.2021 ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരിക്കുന്നത് ഒരു കേബിൾ ഒരു പോളിലൂടെ വലിക്കുന്നതിന് കേബിൾ ടി.വി ഓപ്പറേറ്റർമാർ വൈദ്യുതി ബോർഡിന് നൽകേണ്ട പോൾ വാടകയാണ് . ട്രങ്ക് , ഡിസ്ട്രിബ്യൂഷൻ കേബിളുകൾ എന്ന നിലയിൽ പ്രത്യേക നിരക്ക് പ്രതിപാദിക്കുന്നില്ല. |
| (ഇ) | സാധാരണക്കാരായ നിരവധി യുവതീ യുവാക്കൾക്ക് പ്രാദേശിക വാർത്താ ചാനലുകളിൽ ഉൾപ്പെടെ തദ്ദേശീയമായി ജോലി ലഭിക്കുന്ന കേബിൾ ടി വി സർവ്വീസ് മേഖലയുടെ സംരക്ഷണം ഉറപ്പാക്കാൻ പ്രത്യേക നിരക്കുകളും വർദ്ധനവും പുന:പരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ഇ) | എ പിരിവിൽ വിശദമാക്കിയിരിക്കുന്ന പ്രകാരം ടെലിവിഷൻ സംപ്രേഷണം മാത്രമായി സേവനം നൽകുന്ന ചെറുകിട സംരംഭകർക്ക് കുറഞ്ഞ പോൾ വാടക നിരക്കാണ് കെ.എസ്.ഇ.ബി.എൽ ഈടാക്കുന്നത്.<br><br>വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് സർക്കാരിന്റെയും ബോർഡിന്റെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ് വാടക ഈടാക്കുന്നത്. |

| Purpose | CableTV Operators/Govt departments/LSGDs/CCTV cameras by Residents Association (with 3 % annual Increase) | | All other applicants irrespective of the purpose like 2G/ 3G/4G services/ moblie communications etc (with 5% annual Increase) | |
|---|---|---|---|---|
| Financial Year | Urban | Rural | Urban | Rural |
| 2022-23 | 309 | 149.35 | 531.92 | 265.96 |

വൈദ്യുതി നിയമം 2003 സെക്ഷൻ 51 പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയുടെ (optimum utilization) നടത്തുന്നതിനായി മറ്റു ബിസിനസുകളിൽ ഏർപ്പെടുവാൻ ലൈസൻസിയെ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി.എൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് കേബിൾ വലിക്കുന്നതിന് വേണ്ടി പോളുകൾ ലഭ്യമാക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി ബോർഡിന് ലഭിക്കുന്ന

| | | | |
|---|---|---|---|
| | | | വരുമാനം കമ്മീഷൻ അംഗീകരിച്ച് പൊതുജനങ്ങളിലേക്ക് വൈദ്യുതി താരിഫ് നിർണയത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ